**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1242** **12-02-2025 - ൽ മറുപടിയ്ക്ക്**

**ഇന്ത്യൻ കോഫി ഹൗസ് ഔട്ട് ലെറ്റ് സ്ഥാപിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കോഴിക്കോട് സിവിൽ സ്റ്റേഷൻ കോമ്പൗണ്ടിൽ ഇന്ത്യൻ കോഫി ഹൗസ് ഔട്ട് ലെറ്റ് സ്ഥാപിക്കുന്നതിനുള്ള നടപടികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ; | (എ) | കോഴിക്കോട് സിവിൽ സ്റ്റേഷൻ കോമ്പൗണ്ടിൽ ഇന്ത്യൻ കോഫി ഹൗസ് ഔട്ട് ലെറ്റ് സ്ഥാപിക്കുന്ന സ്ഥലം കോഴിക്കോട് സിവിൽ സ്റ്റേഷൻ പരിസരത്ത് പൊതുമരാമത്ത് വകുപ്പിന്റെ റോഡ്സ് ഡിവിഷൻ കാര്യാലയത്തിന് സമീപമുള്ളതാണ്. ഇന്ത്യൻ കോഫി വർക്കേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡിന് കോഴിക്കോട് സിവിൽ സ്റ്റേഷനിൽ പുതുതായി കോഫി ഹൗസ് ശാഖ ആരംഭിക്കുന്നതിനായി പൊതുമരാമത്ത് വകുപ്പിന്റെ കൈവശത്തിലുള്ള റി. സ. 50/1 ൽ പെട്ട 8 സെന്റ് ഭൂമി ₹422548/- (നാലു ലക്ഷത്തി ഇരുപത്തി രണ്ടായിരത്തി അഞ്ഞൂറ്റി നാല്പത്തി എട്ടു രൂപ) വാർഷിക പാട്ടനിരക്കിൽ 30 വർഷത്തേയ്ക്ക് നിബന്ധനകൾക്ക് വിധേയമായി പാട്ടത്തിന് നൽകുന്നത് സംബന്ധിച്ച് പൊതുമരാമത്ത് വകുപ്പിന് സമ്മതം ആണോ എന്ന് ജില്ലാ കളക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ റവന്യൂ വകുപ്പ് പൊതുമരാമത്ത് വകുപ്പിനോട് ആവശ്യപ്പെട്ടിരുന്നു. കോഴിക്കോട് സിവിൽ സ്റ്റേഷനിലെ ജീവനക്കാർക്ക് വേണ്ടി 'ഇന്ത്യൻ കോഫി ഹൗസി'ന്റെ ഒരു ബ്രാഞ്ച് ആരംഭിക്കുന്നതിന് പൊതുമരാമത്ത് വകുപ്പ്, നിരത്ത് വിഭാഗം കോഴിക്കോട് Office Compound-നോട് ചേർന്ന് വേങ്ങേരി വില്ലേജിലെ നെട്ടങ്ങോട്ടൂർ ദേശം 50/1-ൽ പെട്ട 8 സെന്റ് ഭൂമി 30 വർഷത്തേക്ക് പാട്ടത്തിന് പൊതുമരാമത്ത് വകുപ്പിന് സ്ഥലം ആവശ്യം വരുമ്പോൾ യാതൊരു നിബന്ധനകളും ഇല്ലാതെ തിരികെ<br>നൽകണമെന്ന വ്യവസ്ഥയോട് കൂടി അനുവദിക്കാം എന്നാണ് പൊതുമരാമത്ത് വകുപ്പ് നിരത്ത് വിഭാഗം കോഴിക്കോട് എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിച്ചിട്ടുള്ളത്. പ്രസ്തുത വിഷയം സംബന്ധിച്ച് റിപ്പോർട്ട് ചീഫ് എഞ്ചിനീയർ കെട്ടിട വിഭാഗത്തോട് ആവശ്യപെട്ടിട്ടുണ്ട്. റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത വിഷയത്തിൽ വിവിധ വകുപ്പുകളിൽ നിന്നും ലഭിക്കാനുള്ള അനുമതി വേഗത്തിലാക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (ബി) | **കോഴിക്കോട് സിവിൽ സ്റ്റേഷൻ കോമ്പൗണ്ടിൽ ഇന്ത്യൻ കോഫി ഹൗസ് ഔട്ട് ലെറ്റ് സ്ഥാപിക്കുന്ന സ്ഥലം കോഴിക്കോട് സിവിൽ സ്റ്റേഷൻ പരിസരത്ത് പൊതുമരാമത്ത് വകുപ്പിന്റെ റോഡ്സ് ഡിവിഷൻ കാര്യാലയത്തിന് സമീപമുള്ളതാണ്. ഇന്ത്യൻ കോഫി വർക്കേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡിന് കോഴിക്കോട് സിവിൽ സ്റ്റേഷനിൽ പുതുതായി കോഫി ഹൗസ് ശാഖ ആരംഭിക്കുന്നതിനായി പൊതുമരാമത്ത് വകുപ്പിന്റെ കൈവശത്തിലുള്ള റി. സ. 50/1 ൽ പെട്ട 8 സെൻറ് ഭൂമി ₹422548/- (നാലു ലക്ഷത്തി ഇരുപത്തി രണ്ടായിരത്തി അഞ്ഞൂറ്റി നാല്പത്തി എട്ടു രൂപ) വാർഷിക പാട്ടനിരക്കിൽ 30 വർഷത്തേയ്ക്ക് നിബന്ധനകൾക്ക് വിധേയമായി പാട്ടത്തിന് നൽകുന്നത് സംബന്ധിച്ച് പൊതുമരാമത്ത് വകുപ്പിന് സമ്മതം ആണോ എന്ന് ജില്ലാ കളക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ റവന്യൂ വകുപ്പ് പൊതുമരാമത്ത് വകുപ്പിനോട് ആവശ്യപ്പെട്ടിരുന്നു. കോഴിക്കോട് സിവിൽ സ്റ്റേഷനിലെ ജീവനക്കാർക്ക് വേണ്ടി 'ഇന്ത്യൻ കോഫി ഹൗസി' ന്റെ ഒരു ബ്രാഞ്ച് ആരംഭിക്കുന്നതിന് പൊതുമരാമത്ത് വകുപ്പ്, നിരത്ത് വിഭാഗം കോഴിക്കോട് Office Compound-നോട് ചേർന്ന് വേങ്ങേരി വില്ലേജിലെ നെടുങ്ങോട്ടൂർ ദേശം 50/1-ൽ പെട്ട 8 സെന്റ് ഭൂമി 30 വർഷത്തേക്ക് പാട്ടത്തിന് പൊതുമരാമത്ത് വകുപ്പിന് സ്ഥലം ആവശ്യം വരുമ്പോൾ യാതൊരു നിബന്ധനകളും ഇല്ലാതെ തിരികെ നൽകണമെന്ന വ്യവസ്ഥയോട് കൂടി അനുവദിക്കാം എന്നാണ് പൊതുമരാമത്ത് വകുപ്പ് നിരത്ത് വിഭാഗം കോഴിക്കോട് എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിച്ചിട്ടുള്ളത്. പ്രസ്തുത വിഷയം സംബന്ധിച്ച് റിപ്പോർട്ട് ചീഫ് എഞ്ചിനീയർ കെട്ടിട വിഭാഗത്തോട് ആവശ്യപെട്ടിട്ടുണ്ട്. റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.** |

സെക്ഷൻ ഓഫീസർ